LIBRARY ARCHIVES Kerala Legislative Assembly

സുനാമി ഉണ്ടായത് ആദ്യം അറിഞ്ഞ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ശക്തികുളങ്ങര മേഖല സന്ദർശിച്ച് അന്നേരം ഉറപ്പ് കൊടുത്തതാണ്. കടൽഭിത്തിയെക്കുറിച്ച് ഫിഷറീസ് വകുപ്പുമന്ത്രി കോവിൽതോട്ടം മേഖല സന്ദർശിച്ച് അവിടേയും ഉറപ്പു കൊടുത്തു. മന്ത്രിമാർ ഉറപ്പു കൊടുത്തില്ലെങ്കിൽ എന്തെങ്കിലും പറയാമായിരുന്നു. സുനാമി ബാധിച്ച് മുറിവേറ്റ് ചികിത്സാസഹായം ലഭിക്കാത്ത പല കേസുകളും ഉണ്ട്. അതുകൊണ്ട് അടിയന്തിരമായി ഗവൺമെന്റ് ഇതിൽ ഇടപെടണം. സ്വാഭാവികമായും വിവേചനപരമായി പ്രവർത്തിക്കുന്നു എന്ന് സംശയിക്കേണ്ട സാഹചര്യം ഉണ്ടാകും. അത് ഉണ്ടാകാതിരിക്കാൻ ഗവൺമെന്റ് അടിയന്തിരമായി ഈ കാര്യത്തിൽ ഇടപെടണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: സർ, സുനാമി ബാധിത പ്രദേശമായ ചവറ, ശക്തികുളങ്ങര പഞ്ചായത്തു നിവാസികളായ 38 പേരെ പുനരധിവസിപ്പിക്കുന്നതിനായി ഫിഷറീസ് ഡിപ്പാർട്ടുമെന്റുവക സ്ഥലമുണ്ടെന്ന് ഡിപ്പാർട്ടുമെന്റ് ജില്ലാകളക്ടറെ അറിയിച്ചു. ഞങ്ങൾക്ക് സ്വന്തമായി സ്ഥലമുള്ളതുകൊണ്ട് ഞങ്ങളവരെ പുനരധിവസിപ്പിച്ചു കൊള്ളാമെന്ന് കളക്ടറെ അറിയിച്ചതുകൊണ്ട് റവന്യൂ ഡിപ്പാർട്ടുമെന്റ് അതിൻമേൽ സ്ഥലം എടുക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചില്ല. ഫിഷറീസ് ഡയറക്ടറേറ്റ് ഗവൺമെന്റുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തുകയാണ്. ഫിഷറീസ് ഡിപ്പാർട്ടുമെന്റുതന്നെ അവരെ റീഹാബിലിറ്റേറ്റ് ചെയ്തുകൊള്ളും. ഇതാണ് അവിടത്തെ അവസ്ഥ. അതുപോലെ ഈ സ്ഥലത്ത് സുനാമി ബാധിതരെ പുനരധിവസിപ്പിക്കുന്നതിന് കയ്ലോൺ സോഷ്യൽ സർവ്വീസസ് സൊസൈറ്റി എന്ന ഏജൻസിയെ കണ്ടെത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(5) ഉള്ളൂർ ആക്കുളം-കുഴിവിള, മണ്ണന്തല-നാലാഞ്ചിറ, അമ്പലമുക്ക്-പരുത്തിപ്പാറ എന്നീ പ്രധാന റോഡുകൾ യാത്രായോഗ്യമാക്കൽ

ശ്രീ. കെ. മോഹൻകുമാർ : സർ, ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും വളരെ താൽപ്പര്യത്തോടെ അനുവദിച്ചുതന്ന വികസന പ്രവർത്തനങ്ങൾ ആരംഭിച്ച ഉള്ളൂർ-ആക്കുളം, മണ്ണന്തല- കേശവദാസപുരം റോഡുകൾ അടിയന്തിരമായി ഗതാഗത യോഗ്യമാക്കണം. നാലുവരിപ്പാതയാക്കാൻവേണ്ടി പണി തുടങ്ങിയ ഈ റോഡുകളിൽ ഫലത്തിൽ ഇപ്പോൾ ഗതാഗതം സ്തംഭിച്ചിരിക്കുകയാണ്. ഏതാണ്ട് ഒറ്റവരിപ്പാതയായി മാറിപ്പോയ മണ്ണന്തല ജംങ്ഷനിൽ കൂടി ഉറുമ്പിന്റെ വേഗതയിലാണ് വാഹനങ്ങൾ പോകുന്നത്. ചെളിക്കുളമായിപ്പോയ ഉള്ളൂർ-ആക്കുളം റോഡിൽ ആഴ്ചകളായി വാഹന ഗതാഗതം നിരോധിച്ചിരിക്കുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നിരവധി ഉന്നതതല സമ്മേളനങ്ങൾ വിളിച്ചുചേർത്തു എങ്കിലും റോഡുപണി ഇതുവരെ പൂർത്തിയായിട്ടില്ല. നിത്യരോഗിയായ അമ്പലംമുക്ക്-മുട്ടട റോഡ് ബഹുമാന്യനായ മന്ത്രി

സന്ദർശിച്ചതാണ്. ഈ റോഡിന്റെ പുനർനിർമ്മാണത്തിനായി എൽ.ബി.എസ്. ന്റെ റിപ്പോർട്ട് പ്രകാരമുള്ള പ്രവൃത്തികൾ അടിയന്തിരമായി ടെൻഡർ ചെയ്യിക്കണം. ഈ റോഡുകൾക്കുവേണ്ടി ഏറ്റെടുക്കേണ്ട ഭൂഭാഗം ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലൂടെ ഏറ്റെടുത്ത് ജനങ്ങൾക്ക് ഈ ദുരിതത്തിൽ നിന്ന് മോചനം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) : സർ, ഉള്ളൂർ-ആക്കുളം വഴിയുള്ള റോഡ് അഞ്ച് റീച്ചുകളായിട്ടാണ് പണി നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ മൂന്നും രണ്ടും റീച്ചുകളുടെ സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കി കഴിഞ്ഞു. ഭൂമി കൈമാറിയിട്ടില്ല. മൂന്നാം റീച്ചിന്റെ പണി പുരോഗമിച്ചുവരുന്നു. കാലാവസ്ഥ അനുകൂലമാണെങ്കിൽ ആഗസ്റ്റ് മാസം അവസാനത്തോടുകൂടി ഈ ഭാഗത്തിന്റെ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. നാലും അഞ്ചും റീച്ചിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടി പുരോഗതിയിലാണ്. വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ, ഇലക്ട്രിക് പോസ്റ്റുകൾ ചില റോഡ് സൈഡ് സ്ട്രക്ച്ചറുകൾ തുടങ്ങിയവ മാറ്റുന്നതിലുള്ള കാലതാമസം റോഡുപണിയുടെ പുരോഗതി തടസപ്പെടാൻ കാരണമായിട്ടുണ്ട്. അമ്പലമുക്ക്-പരുത്തിപ്പാറ റോഡ് അടിക്കടി തകരുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തി അടിഞ്ഞ് ബലപ്പെടുത്തുന്നതിനാവശ്യമായിട്ടുള്ള ഭാഗങ്ങളിൽ റോഡ് ഉയർത്തുന്നതിനായി 1 കോടി 65 ലക്ഷം രൂപയുടെ പദ്ധതി തലസ്ഥാന നഗരവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് നടപടി സ്വീകരിച്ചുകഴിഞ്ഞു. മണ്ണന്തല-കേശവദാസപുരം റോഡിൽ ഇനി അവശേഷിക്കുന്ന ഭാഗത്തെ വാട്ടർ ലൈനുകളുടെ പണി 15-7-2005 മുതൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. അതുപോലെ വാഹനങ്ങൾ ഓടുന്ന ഭാഗത്തുണ്ടാകുന്ന കുഴികൾ അപ്പപ്പോൾ നികത്തി റോഡ് ഗതാഗത യോഗ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ ഭാഗത്തെ പണികൾ 15-9-2005-ന് മുമ്പ് തീർക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ച് മോണിറ്റർ ചെയ്ത് പണികൾ മുന്നോട്ടുകൊണ്ടുപോകാനാണ് തീരുമാനിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ റോഡുകൾക്ക് അർഹിക്കുന്ന പ്രാധാന്യം നൽകി കഴിയുന്നതും വേഗം റോഡ് സഞ്ചാരയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുന്നു.

(6) പ്രൈവറ്റ് ബസ്സുകളുടെയും ടാങ്കർ ലോറികളുടെയും പണിമുടക്ക്

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, ഇന്നലെ അർദ്ധരാത്രി മുതൽ സംസ്ഥാനത്തെ സ്വകാര്യ വാഹനങ്ങൾ ബസ്സ്, ലോറി, ടാങ്കർ ലോറി മുതലായവ പണിമുടക്കിലാണ്. ഡീസൽ വിലയിലുള്ള വർദ്ധനവാണ് കാര്യം. ഈ മന്ത്രിസഭയിലെ ഏറ്റവും ജനകീയ മുഖമുള്ള ഒരു മന്ത്രിയാണ് ശ്രീ. ശക്തൻ. അദ്ദേഹം ഈ ജനകീയ പ്രശ്നത്തെ കണ്ടില്ലെന്ന് നടിക്കില്ല എന്നാണ് ഞാൻ വിചാരിക്കുന്നത്. വാഹന പണിമുടക്കുമൂലം പച്ചക്കറി, പലവ്യഞ്ജനം തുടങ്ങി ഉപ്പുതൊട്ട് കർപ്പൂരം വരെയുള്ള സാധനങ്ങൾ കേരളത്തിലേക്ക് ലോറികളിൽ വന്നില്ലെങ്കിൽ ബുദ്ധിമുട്ടുണ്ടാകുന്നത് ചാല കമ്പോളത്തിലായാലും, ചാമക്കട കമ്പോളത്തിലായാലും,

LIBRARY ARCHIVES Kerala Legislative Assembly